**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4011** — **03-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ കിടക്കകളുടെ അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രോഗികൾക്ക് മതിയായ കിടക്കകൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഓരോ മെഡിക്കൽ കോളേജിലും എത്ര കിടക്കകൾ വീതമുണ്ടെന്നും ഏകദേശം എത്ര കിടക്കകളുടെ കുറവാണുള്ളതെന്നും അറിയിക്കാമോ; | (എ) | ആരോഗ്യ മേഖലയിൽ സർക്കാർ നടത്തുന്ന ഇടപെടലുകളും വിവിധതരം പദ്ധതികളിലൂടെ നൽകുന്ന സൗജന്യ ചികിത്സകളും മൂലം മെഡിക്കൽ കോളേജുകളിൽ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലും അംഗീകൃത കിടക്കകളേക്കാൾ അഡ്മിഷൻ വരുന്നതിനാൽ കിടക്കകളുടെ കുറവ് അനുഭവപ്പെടാറുണ്ട്. വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ കിടക്കകളുടെ എണ്ണം താഴെപ്പറയുന്നു. |

| | |
|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം. | 1952 |
| എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം. | 1157 |
| കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രികളും | 2970 |
| സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി | 530 |
| സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി | 430 |
| സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | 1436 |
| സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം | 650 |
| സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം | 470 |
| സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ | 850 |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 3108 |

<table>
<tr><td></td><td></td><td></td><td><table><tr><td>സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ</td><td>1572</td></tr><tr><td>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</td><td>274</td></tr><tr><td>സർക്കാർ മെഡിക്കൽ കോളേജ്, കോന്നി</td><td>360</td></tr></table>രോഗീ ബാഹുല്യം കണക്കിലെടുത്ത് എസ്.എ.റ്റി ആശുപത്രിയിൽ അനുവദിക്കപ്പെട്ട 765 കിടക്കകൾക്ക് ഉപരിയായി 1157 കിടക്കകളും ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിക്കപ്പെട്ട 1051 കിടക്കകൾക്ക് ഉപരിയായി 1572 കിടക്കകളും സജ്ജീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>മെഡിക്കൽ കോളേജുകളിൽ മതിയായ കിടക്കകൾ ഇല്ലാത്തത് കാരണം രോഗികൾ നിലത്ത് കിടക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(ബി)</td><td>നിലവിലുള്ള കിടക്കകൾ തികയാതെ വരുന്ന ചില സന്ദർഭങ്ങളിൽ രോഗികൾക്ക് ഫ്ലോർ ബെഡുകൾ ഒരുക്കി നൽകാറുണ്ട്.</td></tr>
<tr><td>(സി)</td><td>പകർച്ച വ്യാധികളും കൊവിഡ് സാധ്യതയും നിലനിൽക്കുന്ന സാഹചര്യത്തിൽ ഒരു കിടക്കയിൽ ഒന്നിലധികം രോഗികളെ കിടത്തുന്നതായി ഏതെങ്കിലും മെഡിക്കൽ കോളേജിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ രോഗികളെ കിടത്തേണ്ടി വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;</td><td>(സി)</td><td>2022-2023 വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് മെഡിക്കൽ കോളേജുകളിലെ പ്രതിമാസ ഐ.പി രോഗികളുടെ എണ്ണത്തിൽ 33% വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. മിക്ക മെഡിക്കൽ കോളേജുകളിലും രോഗികളുടെ ബാഹുല്യം ഉണ്ടെങ്കിലും ചുരുക്കം ചില മെഡിക്കൽ കോളേജുകളിൽ മാത്രമാണ് വളരെക്കൂടുതൽ രോഗീ ബാഹുല്യം ഉണ്ടാകുമ്പോൾ ഫ്ലോർ ബെഡിൽ കിടത്തേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നത്. ഇത്തരം സാഹചര്യങ്ങൾ പൂർണമായും ഒഴിവാക്കുന്നതിന് കൂടുതൽ കിടക്കകൾ താഴെപ്പറയുന്ന പ്രകാരം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സർജ്ജിക്കൽ ബ്ലോക്ക് നിർമ്മാണം പൂർത്തിയാകുമ്പോൾ 250 കിടക്കകൾ അധികം ലഭ്യമാകും.<br><br>എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ 650 കിടക്കകളോട്ടുകൂടിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിന്റെ നിർമ്മാണം നടന്നു വരുന്നു.<br><br>കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ നിർമ്മാണം പൂർത്തിയാകുമ്പോൾ 160 ഓളം കിടക്കകൾ കൂടുതലായി ലഭ്യമാകുന്നതാണ്.<br><br>കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കാർഡിയോളജി ബ്ലോക്കിന്റെ രണ്ടാംഘട്ട നിർമ്മാണം പൂർത്തിയാകുമ്പോൾ 200 ബെഡുകൾ അധികം ലഭ്യമാകുന്നതാണ്.</td></tr>
</table>

| | | | |
|---|---|---|---|
| | | | ആലപ്പുഴ മെഡിക്കൽ കോളേജിൽ പുതുതായി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 250 കിടക്കകളും കോഴിക്കോട് മെഡിക്കൽ കോളേജിലെ PMSSY സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ 560 കിടക്കകളും ലഭ്യമാകുന്നു. |
| (ഡി) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും രോഗികളെ കിടത്താൻ മതിയായ കിടക്കകളും മറ്റ് അത്യാവശ്യ സൗകര്യങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 2022-2023 വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് മെഡിക്കൽ കോളേജുകളിലെ പ്രതിമാസ ഐ.പി രോഗികളുടെ എണ്ണത്തിൽ 33% വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. മിക്ക മെഡിക്കൽ കോളേജുകളിലും രോഗികളുടെ ബാഹുല്യം ഉണ്ടെങ്കിലും ചുരുക്കം ചില മെഡിക്കൽ കോളേജുകളിൽ മാത്രമാണ് വളരെക്കൂടുതൽ രോഗീ ബാഹുല്യം ഉണ്ടാകുമ്പോൾ ഫ്ലോർ ബെഡിൽ കിടത്തേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നത്. ഇത്തരം സാഹചര്യങ്ങൾ പൂർണമായും ഒഴിവാക്കുന്നതിന് കൂടുതൽ കിടക്കകൾ താഴെപ്പറയുന്ന പ്രകാരം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സർജ്ജിക്കൽ ബ്ലോക്ക് നിർമ്മാണം പൂർത്തിയാകുമ്പോൾ 250 കിടക്കകൾ അധികം ലഭ്യമാകും.<br><br>എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ 650 കിടക്കകളോട്ടുകൂടിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിന്റെ നിർമ്മാണം നടന്നു വരുന്നു.<br><br>കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ നിർമ്മാണം പൂർത്തിയാകുമ്പോൾ 160 ഓളം കിടക്കകൾ കൂടുതലായി ലഭ്യമാകുന്നതാണ്.<br><br>കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കാർഡിയോളജി ബ്ലോക്കിന്റെ രണ്ടാംഘട്ട നിർമ്മാണം പൂർത്തിയാകുമ്പോൾ 200 ബെഡുകൾ അധികം ലഭ്യമാകുന്നതാണ്.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിൽ പുതുതായി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 250 കിടക്കകളും കോഴിക്കോട് മെഡിക്കൽ കോളേജിലെ PMSSY സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ 560 കിടക്കകളും ലഭ്യമാകുന്നു. |

സെക്ഷൻ ഓഫീസർ